For Private Circulation Only

March 2020

ആഗമനാരുണൻ

Vol.67 | “ ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും ..... ഉയർന്നിരിക്കുന്നു ” (യെശ.55:9) | No.3

നാം പാർക്കുന്ന സ്ഥലത്തെ പ്രാർത്ഥനയാൽ നിറയ്ക്കുക

By Lois J.Stucky (1928 - 2014)

ദൈവത്തിന്റെ ശ്രേഷ്ഠമായ പദ്ധതിയായ കർത്താവിന്റെ വരവും ദൈവരാജ്യ സ്ഥാപനവുമെല്ലാം ഈ തലമുറയിൽ നടന്നെങ്കിൽ എന്ന് ആഗ്രഹിക്കുന്നവരായിരിക്കാം നാം. അങ്ങനെയെങ്കിൽ ശക്തമായ വിശ്വാസമുള്ളവരായി നാം ആയിരിക്കുന്ന സ്ഥലത്തെ ദൈവസാന്നിദ്ധ്യത്തിന്റെ നിറവിനായി ഒരുക്കി കൊടുക്കേണ്ടതല്ലേ? ഇത് കൂട്ടിച്ചേർക്കുന്ന ഒരു കൊയ്ത്തിന്റെ കാലമത്രെ. പ്രിയവിശ്വാസികളേ, പ്രാർത്ഥിക്കുവാനും, വിശ്വസിപ്പാനും, നമ്മെ വിളിച്ച ദൈവം ഏല്പിച്ച ചുമതലകളെ കൃത്യമായി നിറവേറ്റുവാനുള്ള നമ്മുടെ സമയമാണിത്. നാം അങ്ങനെ ചെയ്യുക.

അനേക ദൈവമക്കൾ വ്യക്തിപരമായി ധാരാളം ചിന്തകളിലാണ്, അത് ലോകജാതികളുടെ ചിന്തയാണ്; സാമ്പത്തിക പ്രതിസന്ധി, കുടുംബത്തിലെയും സഭയിലെയും പ്രശ്നങ്ങൾ, രക്ഷിക്കപ്പെടാത്തവരും വഴി വിട്ടു നടക്കുന്നവരിലൂടെയുമുള്ള പ്രശ്നങ്ങൾ, ആരോഗ്യപരമായ പ്രശ്നങ്ങൾ, സംരക്ഷണ സംബന്ധിച്ച അനവധിയായ വിഷയങ്ങൾ തുടങ്ങിയവ. ഇങ്ങനെയുള്ള കാര്യങ്ങൾ ഒന്നും സർവ്വശക്തനായ ദൈവം നമ്മിൽ തന്ന ദർശനത്തിന് മങ്ങലേല്പിക്കുവാനിടയാകരുത്. നമ്മുടെ പ്രധാന ലക്ഷ്യം ദൈവത്തിങ്കലല്ലെങ്കിൽ വിശ്വാസത്തോടെയുള്ള പ്രാർത്ഥനയല്ലെങ്കിൽ നാം മറ്റുള്ളവരെപ്പോലെയാണ്. പ്രത്യാശയില്ലാത്തവരായി പ്രശ്നങ്ങളാൽ ബാധിക്കപ്പെട്ടവരായി, രോഗികളായി ജീവിക്കുന്നു. പിന്നെ എങ്ങനെ നമ്മുടെ ജീവിതങ്ങളെ ദൈവത്തിനായി ചിട്ടപ്പെടുത്തി അവിടുത്തെ ഇഷ്ടം ചെയ്യുവാൻ കഴിയും? വ്യക്തിപരമായ പ്രശ്നങ്ങളെ വിശ്വാസത്താലും പ്രാർത്ഥനയാലും തരണം ചെയ്തു നമ്മുടെ രാജാവിന്റെ സേവയ്ക്കായി നമ്മെത്തന്നെ ഒരുക്കേണ്ടതാണ്.

ഫ്രാൻസിസ് റിഡ്ലി ഹാവർഗൽ എന്ന ഒരു സ്ത്രീ 100 വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്നു. അവരുടെ ജീവിതത്തിന്റെ ആരോഗ്യപരമായ പരിമിതിക്കുള്ളിൽ ദൈവം നടത്തിയ വിധത്തെക്കുറിച്ച് ഇങ്ങനെ എഴുതി: യഹോവയ്ക്കായി കാത്തിരുന്നു. ജീവിതം പൂർണ്ണമായി അനുഗ്രഹിക്കപ്പെട്ടു. ദൈവത്തിന്റെ വാഗ്ദത്തങ്ങളെ ഉറ്റുനോക്കി, പൂർണ്ണ സംതൃപ്തി സമാധാനം. എന്നാൽ 42-ാമത്തെ വയസ്സിൽ അവർ മരിച്ചു, അവരുടെ വിജയത്തിന്റെ വാക്കുകൾ ഇങ്ങനെ: സമുജ്ജ്വലമായ സ്വർഗ്ഗത്തിന്റെ വാതിൽ സമീപം, അതിലേയ്ക്ക് പോകുന്നത് മനോഹരം! അർത്ഥവത്തായ അനേകപാടുകൾ അവർ എഴുതി, തലമുറകൽ അത് ഏറ്റുപാടി ദൈവത്തെ മഹത്വപ്പെടുത്തുന്നു, ദൈവത്തോട് അടുക്കുവാൻ കാരണമാക്കുന്നു. എപ്പോഴും എല്ലാം, അങ്ങേയ്ക്കു മാത്രം, എപ്പോഴും അങ്ങനെ മാത്രം അവരുടേ നാവിൽ നിന്നും പേനയിലൂടെയും വന്നു കൊണ്ടിരുന്നു. അവരുടെ പാട്ടുകളിലൂടെ അവരുടെ ജീവിതത്തിൽ പകർന്നു കിട്ടിയ അനുഗ്രഹത്തിന്റെ രഹസ്യം വെളിപ്പെട്ടുകൊണ്ടേയിരുന്നു. നമ്മുടെ ഹൃദയങ്ങളെയും മനസ്സുകളെയും ദൈവത്തിന്റെ വാഗ്ദത്തങ്ങളിലർപ്പിച്ച് സന്തോഷവും സമാധാനവും പ്രാപിച്ച് കർത്താവിന്റെ വേലയിൽ ഫലപ്രദമായി മുന്നേറുവാൻ നമുക്കും ഇടയാകുമാറാകട്ടെ. എപ്പോഴും എല്ലാം, നമ്മുടെ പ്രിയ കർത്താവിനായി മാത്രം ആയിരിക്കട്ടെ.

ദൈവത്തിന്റെ നാമം മഹത്വപ്പെടട്ടെ

ശക്തമായ പ്രാർത്ഥനയ്ക്ക്, ഹൃദയത്തിന്റെ അതിവാഞ്ചയും ദൈവത്തിലുള്ള ശക്തമായ ആശ്രയവും അത്യാവശ്യമാണ്. “ആകാശം ഭൂമിക്കു മീതെ ഉയർന്നിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു ” (യെശ. 55:9).

ദൈവത്തിന്റെ വഴികൾ നമുക്ക് ചിലപ്പോൾ പ്രയാസമേറിയതായി തോന്നാം, എന്നാൽ ഒടുവിൽ അതു ദൈവത്തിന്റെ ഉന്നതമായ വഴികളെക്കുറിച്ച് ധാരാളം സ്തുതിക്കുവാനും മഹത്വപ്പെടുത്തുവാനും കാരണമാകുന്നു. ലോകസ്ഥാപനത്തിനുമുമ്പേയുള്ള ദൈവത്തിന്റെ പദ്ധതികളുടെ ഭാഗമാകാൻ ദൈവം നമ്മെ വിളിച്ച വിളിയും തെരഞ്ഞെടുപ്പും എത്ര ശ്രേഷ്ഠമായിരിക്കുന്നു. തന്റെ പ്രിയപുത്രന് ദൈവം ഒരു മണവാട്ടിയെ കണ്ടിരുന്നു. നമുക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചു തന്ന തന്റെ പരിശുദ്ധർകതത്താൽ ശുദ്ധീകരിച്ച മനോഹര വസ്ത്രം അണിഞ്ഞ് ഒരു ദിവസം അവിടുത്തെ സമീപനം നാം നിൽക്കും. എത്ര ഉന്നതവും ശ്രേഷ്ഠവുമായ വിളിയാണ് നമ്മുടേത്. കർത്താവായ യേശുക്രിസ്തുവിലൂടെ ആ മഹാ കൃപ നമ്മുടെ മേൽ പകർന്നിരിക്കുന്നു. ആ വിളിയിൽ നമ്മുടെ ചിന്തകളല്ല ദൈവത്തിന്റെ ഇഷ്ടത്തിന് ഇടം കൊടുക്കാം. അപ്പോസ്തല പൗലൊസ് തന്റെ ജീവിതത്തിലൂടെ നല്ല ഒരു മാതൃക കാണിച്ചിട്ട്, ദൈവജനത്തെ വിളിച്ചു പറയുന്നത്, “എല്ലാം ദൈവത്തിന്റെ മഹത്വത്തിനമായി ചെയ്വിൻ ” (1കൊരി. 10:31).

(ശേഷം 5-ാംപേജിൽ)

ജോർജ്ജ് മുള്ളറുടെ ആശ്രയ ജീവിതം Part -5

വിശ്വാസത്തിന്റെയും പ്രാർത്ഥനയുടെയും ഫലമായി ജോർജ്ജ് മുള്ളറിന് 300 അനാഥക്കുട്ടികൾക്ക് പാർക്കുവാനുള്ള ഒരു കെട്ടിടം ഇംഗ്ലണ്ടിലെ ബ്രിസ്റ്റോളിൽ പണിയുവാനിടയായി. 700 പേരെ താമസിപ്പിക്കുവാനുള്ള മറ്റൊരു കെട്ടിടം പണിയുവാനുള്ള പണത്തിനായി അദ്ദേഹം പ്രാർത്ഥനയോടെ കാത്തിരുന്നു.

പത്തൊൻപതു മാസം ഫണ്ടിനു വേണ്ടി മുളളർ കാത്തിരുന്നു. ഏകദേശം എല്ലാ ദിവസവും എന്തെങ്കിലുമൊക്കെ തന്റെ പ്രാർത്ഥനയ്ക്ക് മറുപടിയായി ലഭിച്ചുകൊണ്ടിരുന്നു. എന്നാൽ ലഭിച്ചതൊക്കെയും എന്റെ ആവശ്യത്തെ വച്ചുനോക്കുമ്പോൾ വളരെ കുറവായിരുന്നു. എന്നാൽ ഈ ചെറിയ തുകകൾ, ദൈവം തന്റെ പ്രാർത്ഥന ശ്രദ്ധിക്കുന്നു എന്നു മനസ്സിലാക്കുവാനും വലിയ ദൈവപ്രവർത്തിക്കായി കാത്തിരിക്കുവാനും അതു തനിക്ക് പ്രചോദനമായി. ദൈവം തന്റെ സമയത്തു വലിയ തുക തന്റെ ആവശ്യത്തിനായി നൽകും എന്ന് ഉറച്ചു വിശ്വസിച്ചു. അതിവേണ്ടി കൂടുതലായി മുള്ളർ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. 8000 പൗണ്ട് അനേക ദൈവമക്കൾ വഴിയായി തനിക്കു കിട്ടിയപ്പോൾ തന്റെ ഹൃദയം വളരെ സന്തോഷിപ്പാൻ ഇടയായി. താൻ ഇങ്ങനെ എഴുതി:

ദൈവത്തിനായി കാത്തിരിക്ക എന്നത് എത്ര വിലപ്പെട്ട കാര്യമാണ്. അങ്ങനെ ചെയ്യുന്നവൻ ഒരിക്കലും ചിന്താക്കുഴപ്പത്തിലാകുന്നില്ല. അവരുടെ വിശ്വാസവും ക്ഷമയും ദീർഘവും ശ്രമകരവുമാണ്. എന്നാൽ അതിന്റെ ഒടുവിൽ നാം ഉറപ്പായി മനസിലാക്കും ദൈവം തന്നെ മാനിക്കുന്നവനെ മാനിക്കും, അവരെ ലജ്ജിപ്പിക്കയില്ല. വലിയ തുക എന്നെ വളരെയധികം സന്തോഷിപ്പിച്ചു, എന്നാൽ ഞാൻ അതിശയിച്ചില്ല, കാരണം, ഞാൻ വലിയ കതാര്യങ്ങൾ ദൈവത്തിൽ നിന്നും പ്രതീക്ഷിക്കുന്നു.

പ്രാർത്ഥനയുടെ തത്വങ്ങൾ

ദൈവത്തിനായുള്ള നമ്മുടെ കാത്തിരിപ്പിന് ദൈവം നമുക്കു ധാരാളം പ്രതിഫലം നൽകേണ്ടതുണ്ട്. മുളളർ വിലയിരുത്തി. ദൈവം തന്നിൽ ആശ്രയിക്കുന്ന മക്കളുടെ സങ്കടങ്ങളെ കേൾക്കുവാനുളള ദൈവത്തിന്റെ ഒരുക്കത്തെ നാം മനസിലാക്കേണ്ടതുണ്ട്. എന്നാൽ, നിങ്ങളുടെ പ്രാർത്ഥനയ്ക്ക് മറുപടിയുണ്ടാകേണ്ടതിനായി, ദൈവത്തിന്റെ സമ്പന്നതയ്ക്കും മഹത്വത്തിനും ഒത്തവണ്ണം നാം ദൈവത്തോട് അപേക്ഷിക്കേണ്ടതാണ്. നിങ്ങളുടെ സമ്പത്തിലും കഴിവിലും നിങ്ങൾ

(ശേഷം 6-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

“ഞാൻ കാർമുഖിലിനെപ്പോലെ നിന്റെ ലംഘനങ്ങളെയും മേഘത്തെപ്പോലെ നിന്റെ പാപങ്ങളെയും മായിച്ചുകളയുന്നു. എങ്കലേക്കു തിരിഞ്ഞു കൊൾക. ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു. ആകാശമേ, ഘോഷിച്ചുല്ലുസിക്ക; യഹോവ ഇതു ചെയ്തിരിക്കുന്നു. ഭൂമിയുടെ അധോഭാഗങ്ങളേ, ആർത്തുകൊൾവിൻ; പർവ്വതങ്ങളും വാനവും സകല വൃക്ഷങ്ങളും ആയുള്ളോവേ, പൊട്ടിയാർക്കുവിൻ; യഹോവ യാക്കോബിനെ വീണ്ടെടുത്തു .യിസ്രായേലിൽ തന്നെത്താൻ മഹത്വപ്പെടുത്തുന്നു ” (യെശ.44:21-23)

2020 ഫെബ്രുവരി മാസം നമ്മെ വിട്ട് കടന്നുപോയി. മാർച്ച് മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

ഒരു ഭാഗത്ത്. ജീവിതത്തിൽ ഏറ്റവും വിലപ്പെട്ടത് ദൈവത്തിലുള്ള പരിപൂർണ്ണാശ്രയമാണ്. കാരണം, സർവ്വശക്തൻ കൂടെയുള്ളപ്പോൾ ഒന്നിനെയും ഭയപ്പെടേണ്ടുന്ന കാര്യമില്ല. ദൈവം സകലവും അറിയുന്നു.

രോഗവും രോഗഭീതിയും അപ്രതീക്ഷിത നഷ്ടങ്ങളും കുടുംബ ജീവിതത്തിൽ ഉണ്ടായേക്കാവുന്ന സംഘർഷങ്ങളും വിശ്വാസ ജീവിതത്തെ വെല്ലുവിളിക്കുമ്പോൾ ദൈവസാന്നിദ്ധ്യം ജീവിതത്തെ പ്രകാശമാനമാക്കും. ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നുവെന്ന വചനം പ്രത്യാശ നൽകുന്നതാണ്. എല്ലായ്പ്പോഴും ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ദൈവവുമായുള്ള ബന്ധത്തിലായിരിക്കുവാൻ ദൈവം നിങ്ങൾക്കു കൃപ നൽകട്ടെ.

ദൈവത്തിന്റെ കൽപനകളെ അനുസരിച്ചു നടന്നാൽ അനുഗ്രഹം നമ്മുടെ ജീവിതത്തിൽ ഉണ്ടാകും. അനുഗ്രഹത്തെ കൈ നീട്ടി സ്വീകരിക്കുക. നിങ്ങൾ ചെയ്യുന്ന ഓരോ കാര്യവും ദൈവത്തിനു പ്രസാദകരമായിരിക്കട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

പ്രാർത്ഥനയുടെ ഒരു കൂട്ടം ആളുകൾ

By Trey Kent

(കുറിപ്പ്: ഇവിടെ കുറിക്കുന്ന ലേഖനം പ്രാർത്ഥനയുടെ നഗരം എന്ന ബുക്കിൽ നിന്നും എടുത്തിട്ടുള്ളതാണ്. ടെക്സാസിലുള്ള ഓസ്റ്റിൻ കേന്ദ്രമായി പ്രവർത്തിക്കുന്ന പ്രാർത്ഥനാകൂട്ടവുമായി ബന്ധപ്പെട്ടിരിക്കുന്നു. അനേക സഭകൾ സ്ഥാപിക്കപ്പെടുവാൻ ഇടയായിട്ടുണ്ട്.)

പ്രാർത്ഥനാ മനുഷ്യാരായിരിപ്പാൻ വാക്കുകൾ കൊണ്ട് മാത്രമല്ല കഴിയുന്നത്. അതുകൊണ്ടു പ്രാർത്ഥന നമ്മുടെ ജീവിത ശൈലിയാക്കി മാറ്റേണ്ടതാണ്. തുടർച്ചയായ പ്രാർത്ഥന എന്നതിനർത്ഥം ഒരു മിനിട്ടു പോലും നഷ്ടപ്പെടാതെ പ്രാർത്ഥിക്കണം എന്നല്ല, പ്രാർത്ഥന ഒരിക്കലും മുടങ്ങിപ്പോകരുത് എന്നാണ്.

മത്താ. 20:30-34 വാക്യങ്ങളിൽ രണ്ട് കുരുടന്മാരുടെ സംഭവത്തിൽ നിന്നും തുടർച്ചയായ വ്യക്തിപരമായ പ്രാർത്ഥനയ്ക്ക് ഉദാഹരണം കാണാം. “ അപ്പോൾ വഴിയരികിൽ ഇരിക്കുന്ന രണ്ട് കുരുടന്മാർ യേശു കടന്നു പോകുന്നത് കേട്ടു; കർത്താവേ ദാവീദ് പുത്രാ ഞങ്ങളോട് കരുണ തോന്നണമേ എന്ന് നിലവിളിച്ചു ”. മിണ്ടാതിരിപ്പാൻ പുരുഷാരം അവരെ ശാസിച്ചപ്പോൾ അവർ: കർത്താവേ ഞങ്ങൾ ക്ക് കണ്ണു തുറന്നു കിട്ടണം എന്നു അവർ പറഞ്ഞു. യേശു മനസ്സലിഞ്ഞു അവരുടെ കണ്ണു തൊട്ടു. ഉടനെ അവർ കാഴ്ച പ്രാപിച്ചു. അവനെ അനുഗമിച്ചു. ഇവിടെ കുരുടന്മാരുടെ പ്രാർത്ഥനയിൽ നിന്നും 4 പാഠങ്ങൾ പഠിക്കുവാൻ കഴിയും.

പാഠം ഒന്ന്: യേശുവിനെ വിളിച്ചപേക്ഷിക്കുന്നു.

ഞാൻ വിശ്വസിക്കുന്നത് ശരിയായ തുടർച്ചയായ പ്രാർത്ഥനകൾക്ക് പ്രത്യേക രണ്ട് ഉറവിടങ്ങളാണുള്ളത്. നമ്മുടെ ആവശ്യവും ശക്തീകരിക്കുന്ന ദൈശക്തിയും ഈ കുരുടന്മാർ ദൈവത്തോട് നിലവിളിതക്കവണ്ണം ആവശ്യബോധമുള്ളവരും ഭാരമുള്ളവരും ആയിരുന്നു. യഥാർത്ഥ പ്രാർത്ഥന, ദൈവത്തിൽ ആശ്രയിപ്പാനും സഹായത്തിനായി അപേക്ഷി പ്പാനും നമ്മെ സഹായിക്കുന്നു.

മിക്ക ആളുകളും വലിയ ആവശ്യഭാരങ്ങളിലാണ്. ആവശ്യമുള്ളവരായി ദൈവം നമ്മെ സൃഷ്ടിച്ചു. പ്രാർത്ഥനയ്ക്കായി ദൈവം നമ്മെ സൃഷ്ടിച്ചു. നമ്മുടെ ആവശ്യങ്ങളെ പ്രാർത്ഥനയിൽ കൂട്ടുകാരാക്കുവാൻ നമുക്കു കഴിയും. പ്രശ്നങ്ങൾ നമ്മെ പരിഹാരത്തിനായി വിളിക്കുന്നു. ആവശ്യങ്ങൾ നമ്മെ ആത്യന്തികമായി ദൈവത്തിങ്കലേയ്ക്ക് നടത്തുന്നു, അവിടുന്ന് നമുക്കുവേണ്ടി കരുതുന്നു. എങ്ങനെ നാം ദൈവത്തിനമ് മഹത്വം കൊടുക്കും എന്ന് ദൈവം അന്വേഷിക്കുന്നു.

കുരുടന്മാരായ രണ്ട് ആളുകളെപ്പോലെ യേശുവിനെ വിളിച്ചപേക്ഷിക്കണം. മാനുഷികമായ ആവശ്യങ്ങൾ പ്രാർത്ഥനയ്ക്കായുള്ള പ്രേരകശക്തികളാണ്. എന്നാൽ ദൈവത്തിന്റെ ആത്മാവാണ് മുടങ്ങാതെ പ്രാർത്ഥിക്കുവാൻ നമ്മെ ബലപ്പെടുത്തുന്നത്. അവിടുന്ന് നമ്മിൽ പ്രവർത്തിക്കുന്നതുകൊണ്ട് നാം വിട്ടു പോകുന്നില്ല. പ്രാർത്ഥനാ മനുഷ്യർ ആകുവാൻ, എഫെ. 5:18 -ൽ പറയുന്ന പ്രകാരം പരിശുദ്ധാത്മ നിറവിൽ ആയിരിക്കേണ്ടതാണ്. ദൈവത്തിന്റെ ആത്മാവ് പ്രാർത്ഥനയുടെ ആത്മാവാണ്. ആവശ്യങ്ങൾ നമ്മെ ദൈവത്തോടടുപ്പിക്കുമ്പോൾ, ഓരോ ദിവസവും ഓരോ അവസരങ്ങളിലും മടങ്ങിവരുവാൻ ആത്മാവു നമ്മെ നടത്തുന്നു. പൗലൊസ് നമ്മെ പഠിപ്പിക്കുന്നത് ആത്മാവു നമ്മുടെ ബലഹീനതയ്ക്കു തുണനിൽക്കുന്നു. എന്നാണ് (റോമർ 8:26). നമ്മുടെ ഒരു വലിയ ബലഹീനത എന്നത്, ആവശ്യങ്ങൾ നിറവേറ്റുവാനുള്ള ഉപാധിയായി പ്രാർത്ഥനയെ കാണുന്നു എന്നതാണ്.

പാഠം രണ്ട്: വെല്ലുവിളികൾ തുടർച്ചയായി ഉണ്ടാകും.

കുരുടന്മാരായ ആളുകൾ യേശുവിനോട് വിളിച്ചപേക്ഷിക്കുമ്പോൾ യെരിഹോവിലെ ആളുകളിൽ നിന്നും വലിയ എതിർപ്പുകൾ ഉണ്ടായി. ആളുകൾ അവരോട് ശാന്തമായിരിപ്പാൻ പറഞ്ഞു (മത്താ. 20:31). അങ്ങനെ നമ്മുടെ ജീവിതത്തിലും സംഭവിക്കുകയാണ്. ജീവിതം പിശാച് നമ്മുടെ ഭയങ്ങൾ, നമ്മുടെ സാഹചര്യങ്ങൾ, മറുപടിയില്ലാത്ത

(ശേഷം 5-ാംപേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

ന്യായവിധി മാനസാന്തരത്തിനു വേണ്ടിയുള്ള ഒരു വിളി

By Derek Prince (1915-2003)

ദൈവം നമ്മെ വിധിക്കുന്നില്ല എങ്കിൽ അവിടുന്ന് കരുണയില്ലാത്തവനാണ്. എന്നാൽ അവിടുന്ന് നമ്മെ വിധിക്കുന്നു, മാനസാന്തരത്തിനായി നമ്മെ വിളിക്കുന്നു. ദൈവത്തിന്റെ ന്യായവിധിക്ക് വിധേയപ്പെടാതെയോ അതിനെ കണ്ടില്ലെന്നു നടിക്കയോ ചെയ്താൽ ദൈവത്തോട് പ്രതികരിക്കുന്നതിൽ നമ്മൾ പരാജയപ്പെടുകയും തന്റെ വഴികളെ നാം അറിയാതെയും ഇരിക്കുന്നു. നാം മാനസാന്തരപ്പെടേണ്ടതിനായി ദൈവം നമ്മെ വിധിക്കുന്നു. അനുതപിക്കുന്നവന്റെ മേൽ ദൈവം കരുണ വാഗ്ദത്തം ചെയ്യുന്നു.

യിരെമ്യാവ് പ്രവചനം 18-ാം അദ്ധ്യായം 7-10 വാക്യങ്ങളിലേയ്ക്ക് നോക്കാം, അത് വ്യക്തമായി നമ്മെ കാണിക്കുന്നത്, രാജ്യങ്ങൾ ദൈവത്തോട് പ്രതികരിക്കുന്നതിനനുസരിച്ചാണ് ന്യായവിധി അയയ്ക്കുന്നത്. ഞാൻ ഒരു ജാതിയെക്കുറിച്ചോ, അതിനെ പറിച്ച് ഇടിച്ച് നശിപ്പിച്ചുകളയും എന്ന് അരുളിചെയ്തിട്ട്, ഞാൻ അങ്ങനെ അരുളിചെയ്ത ജാതി തന്റെ ദുഷ്ടതവിട്ടു തിരിയുന്നു എങ്കിൽ അതിനോടു ചെയ്യുവാൻ നിരൂപിച്ച ദോഷത്തെക്കുറിച്ച് ഞാൻ അനുതപിക്കും. ഒരു ജാതിയെക്കുറിച്ചോ രാജ്യത്തെക്കുറിച്ചോ ഞാൻ അതിനെ പണികയും നടുകയും ചെയ്യും എന്ന് അരുളിചെയ്തിട്ടു അതു എന്റെ വാക്കു കേട്ടനുസരിക്കാതെ എനിക്ക് അനിഷ്ടമായതു ചെയ്യുന്നു എങ്കിൽ അവർക്കു വരുത്തും എന്നരുളിചെയ്ത നന്മയെക്കുറിച്ച് ഞാൻ അനുതപിക്കും.

ദൈവം ശക്തിയോടെ അരുളിചെയ്യുന്നത്, ഞാൻ ന്യായവിധിയെക്കുറിച്ച് നിങ്ങൾക്ക് താക്കീത് തരുന്നു, അത് വരും എന്ന് അരുളിചെയ്യുന്നു, എന്നാൽ നിങ്ങൾ വ്യത്യാസപ്പെട്ടാൽ ഞാൻ ന്യായവിധിയെ തടഞ്ഞു വയ്ക്കുന്നു. അഥവാ നിങ്ങളുടെ അനുസരണം കണ്ടിട്ട് നന്മയെ ഞാൻ വാഗ്ദത്തം ചെയ്യും, എന്നാൽ നിങ്ങൾ അനുസരണക്കേടിലേക്ക് മടങ്ങിപ്പോയാൽ ഞാൻ നിങ്ങളുടെ നന്മയെ തടയും. നിങ്ങളുടെ പ്രതികരണം അനുസരിച്ച് ഞാൻ നിങ്ങളോട് ഇടപെടും. ഇതാണ് ഏതൊരു രാജ്യത്തോടുമുള്ള ദൈവത്തിന്റെ ഇടപെടലിന്റെ വഴി.

ദൈവം നമ്മുടെ രാജ്യത്തെ ന്യായം വിധിക്കും എന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ? ദൈവത്തിന് നമ്മുടെ രാജ്യത്തോട് ഇടപെടാൻ കഴിയും എന്ന് നിങ്ങൾ ചിന്തിക്കുന്നുവോ? പരാതി പറയുന്നതിനും വിമർശിക്കുന്നതിനും പകരം മാനസാന്തരപ്പെടുവാൻ ദൈവം നമ്മെ വിളിക്കുന്നു.

ശലോമോൻ ദൈവാലയം പണി പൂർത്തിയാക്കിയ ശേഷം 2 ദിനവൃത്താന്തം 7-ാം അദ്ധ്യായത്തിൽ കാണുന്ന ഒരു വെളിപ്പാട് ഈ തത്വത്തെ തെളിയിക്കുന്നതായി നമുക്കും കാണാം. “ഇങ്ങനെ ശലോമോൻ യഹോവയുടെ ആലയവും രാജാധാനിയും തീർത്തു. യഹോവയുടെ ആലയത്തിലും തന്റെ അരമനയിലും ഉണ്ടാക്കുവാൻ ശലോമോനു താല്പര്യമുണ്ടായിരുന്നത് ഒക്കെയും ആവൻ ശുഭമായി നിവർത്തിച്ചു. അതിന്റെ ശേഷം യഹോവ രാത്രിയിൽ ശലോമോനു പ്രത്യക്ഷമായി, അവനോട് അരുളിചെയ്തത് എന്തെന്നാൽ, ഞാൻ നിന്റെ പ്രാർത്ഥന കേട്ട് ഈ സ്ഥലം എനിക്ക് യാഗത്തിനുള്ള ആലയമായിട്ട് തെരഞ്ഞെടുത്തിരിക്കുന്നു. മഴ പെയ്യാതിരിക്കേണ്ടതിന് ഞാൻ ആകാശം അടയ്ക്കുകയോ ദേശത്തെ തിന്നു മുടിക്കേണ്ടതിന് വെട്ടുക്കിളിയോട് കല്പിക്കയോ എന്റെ ജനത്തിന്റെ ഇടയിൽ മഹാമാരി വരുത്തുകയോ ചെയ്താൽ എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമാഗ്ഗങ്ങളെ വിട്ടുതിരിയും എങ്കിൽ ഞാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന് സൗഖ്യം വരുത്തിക്കൊടുക്കും ” (2കൊരി. 7:11-14).

ഇതാണ് ദൈവത്തിന്റെ കരണയുടെ വാഗ്ദത്തം. ദൈവം തന്റെ ജനത്തെ തങ്ങളുടെ ദേശത്ത് തന്റെ വലങ്കയ്യിൽ പിടിച്ചിരിക്കുന്നു. പൊതുവായി പറഞ്ഞാൽ പള്ളിയിൽ പോകുന്നവർ അല്ലാത്തവരെ ലോകത്തിലെ വിഷശയങ്ങൾ വച്ചു കളിയാക്കുന്നു. ദൈവം ശക്തമായി സംസാരിക്കുന്നത്, പ്രശ്നം അവർക്കല്ല, നിങ്ങൾക്കാണ് ഞാൻ നിങ്ങളോട് ഇടപെടാൻ കഴിയണം എങ്കിൽ സാഹചര്യങ്ങളെ ഞാൻ കൈകാര്യം ചെയ്യണം. ദൈവം തന്റെ പ്രവർത്തി തന്റെ ജനത്തിൽ ആരംഭിക്കുന്നു.

1പത്രൊ. 4:17 പറയുന്നത് “ ന്യായവിധി ദൈവഗൃഹത്തിൽ ആരംഭിപ്പാൻ സമയമായല്ലോ. എന്നാണ്. ദൈവം തന്റെ പ്രവർത്തി ദൈവമില്ലാത്തവരിൽ അല്ല ആരംഭിക്കുന്നത് ”. ദൈവത്തിന്റെ ആദ്യത്തെ ന്യായവിധി തന്റെ ജനത്തിന്മേലാണ്. ദൈവം തന്റെ ജനത്തോട് അരുളിച്ചെയ്യുന്നത്, എന്റെ വഴി നിങ്ങളിൽ കണ്ടെത്തിയാൽ നിങ്ങളിലൂടെ ഞാൻ ലോകത്തെ സന്ദർശിക്കും. നിങ്ങൾ എന്നോട് എതിർത്തു നിൽക്കുന്നു എങ്കിൽ ലോകത്തെ സന്ദർശിക്കുവാൻ എനിക്ക് വേറെ വഴിയില്ല.

ഒന്നുകിൽ ലോകത്തിലേയ്ക്കുള്ള ദൈവപ്രവൃത്തിക്ക് മുഖാന്തരമായിത്തീരുക, അല്ലെങ്കിൽ ലോകത്തെ നേടുന്നതിൽ ആത്മാവിന്റെ പ്രവൃത്തി തടയുന്നു. ദൈവത്തോട് പ്രതികരിക്കുന്ന വഴിയാണ് അതിന്റെ ഫലത്തെ തീരുമാനിക്കുന്നത്.

അതുകൊണ്ട് ദൈവം അരുളിച്ചെയ്യുന്നത് എന്റെ ജനം എന്നെ അനുസരിക്കുന്നുവെങ്കിൽ ഞാൻ അവരുടെ ദേശത്തിന് സൗഖ്യം വരുത്തിക്കൊടുക്കും. അതു ജാതികളെ ആശ്രയിച്ചല്ല, വിശ്വാസികളെ ആശ്രയിച്ചാണിരിക്കുന്നത്. നാം ലോകത്തിന്റെ ഉപ്പാണ്. നാം ആണ് രാജ്യത്തിന്റെ ഭാവി നിർണ്ണയിക്കുന്നത്.

ഞാൻ വിശ്വസിക്കുന്നു, നാം ദൈവത്തിന്റെ വ്യവസ്ഥ അംഗീകരിക്കുന്നു എങ്കിൽ ഒരു പ്രത്യാശയുണ്ട്. ഞാൻ ദൈവത്തിന്റെ ഇഷ്ടം ഗൗരവമായി എടുക്കുന്നു. ഞാൻ ദൈവത്തെ ദൈവവചനത്തിൽ കാണുന്നു. 2ദിന. 7:14 നാം കാണുന്ന ചരിത്രപരമായ ദൈവത്തിന്റെ ന്യായവിധിയെ നാം അംഗീകരിക്കുന്നുവെങ്കിൽ അതെ, എങ്കിൽ ന്യായവിധിക്കു പകരം നമ്മുടെമേൽ നമ്മുടെ രാജ്യത്തിന്മേൽ ദൈവം പകരുവാൻ ആഗ്രഹിക്കുന്ന ദൈവത്തിന്റെ കരുണയും സൗഖ്യവും നാം പ്രാപിക്കും. ❖

(3-ാം പേജിന്റെ തുടർച്ച)

പ്രാർത്ഥനയുടെ ഒരു കൂട്ടം ആളുകൾ

പ്രാർത്ഥനകൾ, ചില സന്ദർഭങ്ങളിൽ കൂട്ടുകാർ യേശുവിനോട് നിലവിളിക്കുന്നതിൽ നിന്നും പിന്തിരപ്പിക്കുവാൻ ശ്രമിക്കും.

ചില സന്ദർഭങ്ങളിൽ ഈ പരീക്ഷകളുടെ മുമ്പിൽ നാം പ്രാർത്ഥന നിർത്തിക്കളയാറുണ്ട്. അതുകൊണ്ടാണ് യേശു നമ്മെ ആവർത്തിച്ച് ആവർത്തിച്ച് പഠിപ്പിച്ചത് പ്രാർത്ഥന നിർത്തിക്കളയാതെ അന്വേഷിക്കണം, മുട്ടിക്കൊണ്ടിരിക്കണം ദൈവത്തിന്റെ കരുണയുള്ള ഇടപെടലിനായി കാത്തിരിക്കണം.

എന്റെ പ്രാർത്ഥനയെ ശാന്തമാക്കുവാൻ മൂന്ന് പരീക്ഷകൾ ഞാൻ നേരിട്ടു.

* ദൈവം യഥാർത്ഥമായി എന്റെ പ്രാർത്ഥന കേൾക്കുന്നില്ല എന്ന ചിന്ത
* ഞാൻ പ്രാർത്ഥിച്ചിട്ട് വലിയ കാര്യമൊന്നുമില്ല എന്ന ചിന്ത
* ഞാൻ വലിയ തിരക്കുള്ളവനാണ് എന്ന ചിന്ത

എന്റെ ഇന്നത്തെ ഏറ്റവും വലിയപോരാട്ടം, എന്റെ ഹൃദയത്തിൽ നിന്നും, മനസ്സിൽ നിന്നും, എന്റെ കാര്യപരിപാടികളിൽ നിന്നും പ്രാർത്ഥനയെ ഒഴിവാക്കാനുള്ള ശ്രമമാണ്. ഞാൻ എന്നെത്തന്നെ ഓർമ്മിപ്പിച്ചുണത്തുന്നത്, പ്രാർത്ഥനയെക്കാൾ വലുതായി ലോകത്തിൽ മറ്റൊന്നുമില്ല എന്നാണ്. നിങ്ങൾ എന്തു പറയുന്നു? നിങ്ങളുടെ ശത്രു വോ സാഹചര്യങ്ങളോ നിങ്ങളുടെ പ്രാർത്ഥനയെ തടസപ്പെടുത്തുന്നുവോ? എങ്കിൽ എന്നോടു ചേർന്ന് ഇങ്ങനെ പ്രാർത്ഥിക്കുക: ഇടവിടാതെ പ്രാർത്ഥിക്കുവാൻ എന്നെ പഠിപ്പിക്കേണമേ.

നമ്മുടെ പ്രാർത്ഥനകേട്ട്, നല്ല പ്രാർത്ഥനാ മനുഷ്യരായിരിപ്പാൻ ദൈവം നമ്മെ സഹായിക്കും എന്ന് ഞാൻ അറിയുന്നു.

പാഠം മൂന്ന് വെല്ലുവിളികൾ കൂടുതൽ പ്രാർത്ഥിപ്പാൻ നമ്മെ സഹായിക്കട്ടെ.

ആ രണ്ടു കുരുടന്മാർ തങ്ങളെ ശാന്തരായിരിപ്പാൻ പറഞ്ഞത് അവർ അനുസരിച്ചില്ല, പിന്നെയോ അവർ: കർത്താവേ ദാവീദു പുത്രാ, ഞങ്ങളോടു കരുണ തോന്നണമേ എന്ന് അവർ അധികം നിലവിളിച്ചു (മത്താ, 20:31)

വെല്ലുവിളികളും, പ്രതിസന്ധികളും എതിർവാദങ്ങളും കടന്നു വരുമ്പോൾ കൂടുതൽ പ്രാർത്ഥിപ്പാൻ നിങ്ങൾക്ക് കഴിയുന്നുണ്ടോ? അതാണ് പരിശുദ്ധാത്മാവ് നമ്മുടെ ഉള്ളിൽ ചെയ്യുന്നത്.

ആത്മാവ് ഇടവിടാതെ പ്രാർത്ഥിക്കുന്നു. മാത്രമല്ല അവിടുത്തെ മദ്ധ്യസ്ഥ പ്രാർത്ഥനയിലേക്ക് നമ്മെ ക്ഷണിക്കയും ചെയ്യുന്നു. പൗലൊസ് {] mÀ° n† p¶ X v“ സകല പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചും കൊണ്ട് സകല വിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥനയിൽ പൂർണ്ണ സ്ഥിരത കാണിപ്പിൻ” എഫെ. 6:18.

ദൈവമക്കളുടെ പ്രാർത്ഥനയെ തടസം ചെയ്യുന്ന പിശാചിന്റെ പ്രവൃത്തികളെ ഒരു നിമിഷം ചിന്തിക്കുക. സാത്താൻ നമ്മുടെ പ്രാർത്ഥനയുടെ ശക്തിയെ അറിയുന്നു. സാമുവൽ ചാഡ്വിക്ക് എന്ന പ്രാർത്ഥനാ വീരൻ ഇങ്ങനെ പറഞ്ഞു. സാത്താൻ ഒന്നിനേയും പേടിയില്ലാത്തവനാണ്, എന്നാൽ പ്രാർത്ഥനയെ പേടിക്കുന്നു. വിശുദ്ധന്മാരെ, പ്രാർത്ഥനയിൽ നിന്നും പിന്തിരിപ്പിക്കുവാൻ അവൻ സദാ ശ്രമിച്ചുകൊണ്ടിരിക്കുന്നു. പ്രാർത്ഥനയില്ലാത്ത പഠിപ്പിക്കലുകളെ അവൻ ഭയപ്പെടുന്നില്ല. പ്രാർത്ഥനയില്ലാത്ത പ്രവർത്തനത്തെ പ്രാർത്ഥനയില്ലാത്ത മതത്തെ അവന് ഭയമില്ല. നമ്മുടെ ജ്ഞാനത്തെ അവൻ കളിയാക്കുന്നു, എന്നാൽ നാം പ്രാർത്ഥിക്കുമ്പോൾ അവൻ ഭയപ്പെടുന്നു.

അത് യാഥാർത്ഥ്യമെങ്കിൽ, ദൈവത്തോട് നാം പ്രാർത്ഥിക്കയും ധ്യാനിക്കയും അവിടുത്തെ ഇഷ്ടപ്രകാരം നടക്കുകയും ചെയ്യാം. ദൈവത്തിന്റെ ഇഷ്ടം ചെയ്യുക എന്നതും ശത്രുവിന്റെ പ്രവർത്തികളെ പരാജയപ്പെടുത്തുന്നതുമാത്രമേ നമ്മുടെ ഏറ്റവും വലിയ സന്തോഷം. നമ്മുടെ പട്ടണങ്ങളെ സാത്താൻ തന്റെ പദ്ധതികൾക്കായി ഉപയോഗിക്കുന്നു. സാത്താനോട് എതിർത്തു നിന്നു പ്രാർത്ഥിക്കാത്ത സഭകൾ സാത്താന്റെ ഏജന്റുമാരായി പ്രവർത്തിക്കുന്നു. യാക്കോബ് 4:2-ൽ നമ്മുടെ പ്രാർത്ഥനയില്ലാത്ത വഴികളെക്കുറിച്ച് യാക്കോബ് പ്രസ്താവിക്കുന്നത് നിങ്ങൾ യാചിയ്ക്കായ്ക കൊണ്ട് നിങ്ങൾക്ക് കിട്ടുന്നില്ല എന്നാണ്.

ഞാൻ അത്ഭുതപ്പെടുന്നത്, നമ്മുടെ ജീവിതങ്ങൾ,. കുടുംബങ്ങൾ, അയൽബന്ധങ്ങൾ, സഭകൾ, പട്ടണങ്ങൾ ദൈവം സ്നേഹത്തോട നൽകുവാനാഗ്രഹിക്കുന്ന നന്മകൾ നഷ്ടപ്പെടുത്തുകയാണ് കാരണം സാത്താന്റെ പ്രവൃത്തികൾക്കെതിരെ പ്രതികരിക്കാതെ നാം ശാന്തമായിരിക്കുന്നു. ഇതാണ് സമയം. നാം എഴുന്നേറ്റ് പ്രവർത്തിക്കേണ്ടതായ സമയം!

ദൈവത്തിന്റെ രാജ്യം വരണമേ എന്ന് ഐകമത്യപ്പെട്ട് പ്രാർത്ഥിപ്പാൻ നാം വിളിക്കപ്പെട്ടരിക്കുന്നു. സ്വർഗ്ഗത്തിലുള്ളതു പോലെ അവിടുന്ന് ഭൂമിയിലും ചെയ്യും.!

പാഠം നാല്: ദൈവത്തെ വിളിച്ചപേക്ഷിക്കുന്നവനെ ദൈവം വിളിക്കുന്നു.

കുരുടന്മാരായ ആളുകൾ എതിർപ്പുകൾ വകവയ്ക്കാതെ അധികം യേശുവിനോട് നിലവിളിച്ചപ്പോൾ, യേശു നിന്നു അവരെ വിളിച്ചു. “ ഞാൻ നിങ്ങൾക്ക് എന്തു ചെയ്യണമെന്ന് നിങ്ങൾക്ക് തോന്നുന്നു എന്ന് ചോദിച്ചു. കർത്താവേ ഞങ്ങൾക്ക് കണ്ണു തുറന്നു കിട്ടണം എന്ന് അപേക്ഷിച്ചു. യേശു മനസ്സലിഞ്ഞ് അവരുടെ കണ്ണു തൊട്ടു. ഉടനെ അവർ കാഴ്ച പ്രാപിച്ചു; അവനെ അനുഗമിച്ചു ” (മത്താ. 20:32-34).

എന്നോടു ചേർന്നു ചിന്തിക്കുക, നമ്മിലും നമ്മുടെ ദേശത്തും ഒരു വലിയ മാറ്റമുണ്ടാക്കുവാനായി വിളിക്കപ്പെട്ടിരിക്കുന്നവരായ നാം ദൈവത്തോട് നിലവിളിക്കുമ്പോൾ അവിടുന്ന് നമ്മോട് വിളിച്ചു ചോദിക്കുന്നു. ഞാൻ നിങ്ങൾക്ക് എന്തു ചെയ്യണമെന്ന് നിങ്ങൾക്ക് തോന്നുന്നു?

ഒരു അനുഗ്രഹിക്കുപ്പെട്ട ചിന്ത. നമ്മുടെ കുടുംബത്തിന്റെ നമ്മുടെ ദേശത്ത്, നമ്മുടെ രാജ്യത്ത് നമ്മുടെ ലോകത്ത് യേശു എന്തു ചെയ്യണം എന്ന് നാം ആഗ്രഹിക്കുന്നു? അതിനുവേണ്ടി നാം ഇടവിടാതെ പ്രാർത്ഥിക്കണം. വ്യക്തിപരമായും പൊതുവായും ദൈവത്തിന്റെ രാജ്യം സാത്താന്റെ രാജ്യത്തെ പരാജയപ്പെടുത്തുന്നതുവരെയും പ്രാർത്ഥിക്കണം. ദൈവത്തോട് പ്രാർത്ഥിക്കുവാൻ യേശു നമ്മെ വിളിക്കുന്നു. പ്രാർത്ഥനയിലൂടെ ദൈവത്തെ വിളിക്കുവാൻ അവിടുന്ന് നമ്മെ വിളിക്കുന്നു. അവിടുന്ന് നമ്മുടെ പ്രാർത്ഥന കേൾക്കും. പാപങ്ങളെ ക്ഷമി

(ശേഷം 8-ാംപേജിൽ)

(2-ാംപേജിന്റെ തുടർച്ച)

ജോർജ്ജ് മുള്ളറിന്റെ ആശ്രയ ജീവിതം

ആശ്രയിക്കരുത്, പൂർണ്ണമായി ദൈവത്തിൽ ആശ്രയിക്കണം. നിങ്ങളുടെ വ്യക്തിത്വത്തോട്, നിങ്ങളുടെ പ്രാർത്ഥനയോട്, നിങ്ങളുടെ വേലയോട്, മാത്രമല്ല നിങ്ങൾക്കുള്ള എല്ലാറ്റിനോടും ദൈവത്തിൽ നിന്നും നിങ്ങൾക്കുള്ള അംഗീകാരത്തിന് ഒത്തവണ്ണം അപേക്ഷിക്കണം.

മറ്റൊരു കാര്യം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിങ്ങൾക്ക് മറുപടി അയയ്ക്കുമ്പോൾ അത് ദൈവത്തിന്റെ മഹത്വത്തിനും നിങ്ങളുടെ യഥാർത്ഥ നന്മയ്ക്കും അതുകാരണമായി മറുപടി ലഭിക്കുവോളം നാം പ്രാർത്ഥന യിൽ തുടരേണ്ടതാണ്.

വെറുതെ ഒരു ചടങ്ങായിട്ടല്ല പ്രാർത്ഥിക്കേണ്ടത് ഒരു സമയത്തേയ്ക്കു പ്രാർത്ഥിച്ചു നിർത്തുന്നതായിട്ടും അല്ല, ക്ഷമയോടും വിശ്വാസത്തോട് മറുപടി ലഭിക്കുവോളം പ്രാർത്ഥനയിൽ തുടരേണ്ടതാണ്. ആദിമുതൽ അവസാനം വരെ പ്രാർത്ഥനയിൽ തുടരേണം എന്നുമല്ല, ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുന്നു എന്നും മറുപടി ഉണ്ടാകും എന്നും നാം വിശ്വാസത്തോടെ തന്നെ പ്രാർത്ഥിക്കേണ്ടതാണ്. പ്രാർത്ഥിയ്ക്കു മറുപടി ലഭിക്കുന്നതുവരെയും പ്രാർത്ഥിക്കുന്നതിൽ നാം ദയനീയമായി പരാജയപ്പെടുന്നു എങ്കിൽ അതിൽ നാം അനുഗ്രഹം പ്രതീക്ഷിക്കേണ്ടതില്ല. നിശ്ചയമായും ഏതൊരു വ്യക്തിയിൽ ഈ തത്വങ്ങളെല്ലാം പൂർണ്ണമായി പാലിക്കപ്പെടുന്നുവോ, അവർ നിശ്ചയമായി പ്രാർത്ഥനയ്ക്ക് മറുപടി പ്രാപിക്ക തന്നെ ചെയ്യും.

1852-ൽ മുള്ളർ തന്റെ വിശ്വാസം സംബന്ധിച്ചു ധാരാളം പരീക്ഷകൾ നേരിടുകയുണ്ടായി. താൻ സ്നേഹിക്കുന്ന തന്റെ ഏകപൈതൽ രോഗബാധിതമായി. അവൾ ജീവിക്കും എന്ന ആശ നഷ്ടപ്പെട്ടു. തന്റെ ഭാര്യ തനിക്ക് പ്രിയപ്പെട്ടവളും തന്റെ സമ്പത്തുമായിരുന്നു അവൾ. താൻ ദൈവത്തിൽ സമാധാനപ്പെടെടു. അവളെ ദൈവം എടുത്തുകൊണ്ടാൽ അത് അവളുടെ നന്മയ്കത്കും ഞങ്ങളുടെ നന്മയ്ക്കും ദൈവത്തിന്റെ മഹത്വത്തിനുമാണ് എന്നു വിശ്വസിച്ചു. ദൈവം തന്നോട് കരുണ കാണിച്ചു. ചിലദിവസങ്ങൾക്കുശേഷം അവൾ സൗഖ്യം പ്രാപിച്ചു.

രണ്ടാമതൊരു കെട്ടിടം അനാഥശാലയ്ക്കുവേണ്ടി പണിയുവാൻ അവസരമുണ്ടായപ്പോൾ വലിയ ഒരു കെട്ടിടം പണിയുന്നതിന് പകരം ആ വസ്തുവിൽ രണ്ട് കെട്ടിടങ്ങളായി പണിയുവാൻ തീരുമാനിച്ചു. അത് 1000 കുട്ടികളെ ഉൾക്കൊള്ളുവാൻ കഴിയുന്നതായിരുന്നു. 1857-ൽ ആ കെട്ടിടത്തിന്റെ പണി പൂർത്തിയായ ആ വലിയ സന്തോഷം മുള്ളർ അനുഭവിച്ചു.

ഒരിക്കൽ ആദ്യത്തെ കെട്ടിടത്തിൽ ചൂടുണ്ടാക്കുന്ന സംവിധാനത്തിൽ ചോർച്ചയുണ്ടായി. അതു ഒരു മഞ്ഞുകാലവും തണുത്ത വടക്കൻ കാറ്റ് ശക്തിയോടെ വീശുന്ന കാലമായിരുന്നു.

പുതിയതായി ചൂടുസംവിധാനം ഏർപ്പെടുത്തുവാൻ ആഴ്ചകളുടെ അദ്ധ്വാനം വേണമായിരുന്നു, എന്നാൽ അവിടെയുള്ള കുട്ടികളെക്കുറിച്ചു പ്രത്യേകാൽ ശിശുക്കളെക്കുറിച്ച് മുള്ളർ ചിന്തയുള്ളവനായിരുന്നു. മുള്ളർ കാര്യങ്ങൾ ദൈവത്തിൽ ഭരമേല്പിച്ച് ജോലിക്കാരെ വിളിച്ച് ഏർപ്പാട് ചെയ്തു. വടക്കൻ കാറ്റിനെ മാറ്റി ഒരു തെക്കൻ കാറ്റ് അടിക്കേണ്ടതിനായി മുള്ളർ ദൈവത്തോട് പ്രാർത്ഥിച്ചു. എങ്കിൽ മാത്രമേ ജോലിക്കാർക്കും പണിയുവാൻ കഴിയുമായിരുന്നുള്ളൂ. ബോയിലിറിന്റെ പണി പൂർത്തീകരിക്കപ്പെട്ടു. ചോർച്ച പൂർണ്ണമായി പരിഹരിക്കപ്പെട്ടു. വടക്കൻ കാറ്റുമാറി തെക്കൻ കാറ്റ് വീശിക്കൊണ്ടിരുന്നതുകൊണ്ട് ജോലിക്കാർക്ക് ഒരു ചെറിയ ചൂടുപോലും ക്രമീകരിക്കേണ്ടിവന്നില്ല, അവ മനസോടും ഉത്സാഹത്തോടും വേല ചെയ്തു പൂർത്തിയാക്കി.

ആത്മാവ് പ്രവർത്തിക്കുന്നു.

1859 ആയപ്പോഴേയ്ക്കും പരിശുദ്ധാത്മാവിന്റെ ഒരു വലിയ പ്രവർത്തി അനാഥ പെൺകുട്ടികളുടെ മേൽ ഉണ്ടായി. 120-ൽ 63 കുട്ടികൾ ഒരു മാസത്തിനുള്ളിൽ മാനസാന്തരപ്പെട്ടു. അടുത്ത ഒരു അവസരത്തിൽ 200 കുട്ടികൾ ദൈവത്തിങ്കലേയ്ക്ക് നടത്തപ്പെട്ടു. പലരും മാനസാന്തരപ്പെട്ടു. 1872-ൽ കുട്ടികളുടെയിടയിലും ജോലിക്കാരുടെയിടയിലും ഉണ്ടായി, 700 കുട്ടികൾ കർത്താവായ യേശുവിൽ വിശ്വസിക്കുവാനിടയായി.

വർഷങ്ങൾ കഴിഞ്ഞുപൊയ്ക്കൊണ്ടിരുന്നു, മുള്ളറിന്റെ പ്രവർത്തനങ്ങളെ ദൈവം അനുഗ്രഹിച്ചുകൊണ്ടിരുന്നു. 1862-ൽ 2000 കുട്ടികളെ താമസിപ്പിക്കുവാനുള്ള മൂന്നാമത്ത കെട്ടിടം പൂർത്തിയാക്കപ്പെട്ടു. നാലാമത്തെ കെട്ടിടവും പിന്നീട് തുറക്കപ്പെട്ടു. ഇത്ര യും കുട്ടികളെ പരിചരിക്കുവാൻ ജോലിക്കാർ തികയാതെ വന്നു. മുമ്പിലത്തെപ്പോലെ ജോലിക്കാർക്കുവേണ്ടി മുള്ളറും ഭാര്യയും ദൈവത്തോട് പ്രാർത്ഥിച്ചു. ദൈവം പ്രാർത്ഥന കേട്ടു. ജോലിക്കാർ വന്നു.

സന്ദർശകരെ അതിശയിപ്പിക്കുന്ന നിലയിലുള്ള വൃത്തിയും, ചിട്ടയും കുട്ടികളുടെ ആരോഗ്യപരമായ പരിപാലനങ്ങളും അവിടെയുണ്ടായിരുന്നു. പല കുട്ടികളുടെയും അച്ഛനോ അമ്മയോ കഴിവില്ലാത്തവരോ മരിച്ചുപോയവരോ ആയിരുന്നു. ചില കുട്ടികൾ സ്വാഭാവികമായി ബലഹീനരായിത്തീരുന്നു.

വർഷങ്ങൾ കടന്നുപോയി. മുള്ളർക്കു മറ്റുള്ളവരിലേയ്ക്ക് കൈമാറുവാൻ വസ്തുവോ സമ്പത്തോ ഒന്നും തന്നെയില്ലായിരുന്നു. തന്റെ വിശ്വാസത്താലും പ്രാർത്ഥനയാലും ദൈവം പ്രാർത്ഥനകേട്ടിട്ട് വിശ്വാസികൾ അയച്ചുകൊടുക്കുന്ന സമ്മാനങ്ങളും സഹായങ്ങളും മാത്രമാണ് അവരുടെ ആവശ്യങ്ങൾ നിറവേറ്റുവാനായി അവർക്കുണ്ടായിരുന്നത്. മുള്ളർ ഒരു വിശ്വാസവീരനായിരുന്നു. ദൈവവുമായുള്ള കൂട്ടായ്മയിൽ സമയം ചെലവഴിച്ചു, വലിയതുകകൾ ചെലവഴിച്ച് വലിയ കാര്യങ്ങൾ പൂർത്തിയാക്കി. തന്നെക്കുറിച്ച് ഇങ്ങനെ പറഞ്ഞിരിക്കുന്നു. താൻ പ്രാർത്ഥിക്കുന്നു, ദൈവം എല്ലാം കൊടുക്കുന്നു, വിജയം തന്നോടൊപ്പം ഉണ്ടായിരുന്നു.

വർഷങ്ങൾ കടന്നുപോയി, ഒരു മില്യർ ഡോളർ സുവിശേഷവേലയ്ക്ക് കൊടുക്കുവാൻ ദൈവം തന്നെ സഹായിച്ചു. ബൈബിളുകളും ലഘുലേഖകളും വിതരണം ചെയ്തു. അനേകായിരങ്ങൾ മാനസാന്തരപ്പെട്ടു.

അനാഥശാലയിലൂടെയും ശുശ്രൂഷകളിലൂടെയും ദീർഘവർഷം ശുശ്രൂഷിച്ചു. ദൈവത്തിങ്കലെ സഹായത്തിനും കരുണയ്ക്കുമായി കാത്തിരുന്നു. വിശ്വാസത്തിലും പ്രാർത്ഥനയിലും ശക്തിയുണ്ട് എന്ന് താൻ തെളിയിച്ചു. ❖

(കഴിഞ്ഞ ലക്കം തുടർച്ച)

നമ്മുടെ പാപങ്ങൾ ഏറ്റുപറയേണ്ടതിന്റെ ആവശ്യകത

ദൈവം വ്യക്തി മഹത്വം കണക്കിടുന്നില്ല

ഒരു വ്യക്തിയെ ദൈവത്തിന്റെ ആത്മാവിനാൽ തന്റെ പാപങ്ങളെ ഏറ്റുപറയുമ്പോൾ, അവൻ രാജാവാണോ, യാചകനാണോ എന്ന് ദൈവം നോക്കുന്നില്ല.

റിച്ചാർഡ് സൈബ്ഡ് എന്ന ഭക്തൻ ഏറ്റുപറച്ചിലിനെക്കുറിച്ച് പറയുന്നത്, ഇതാണ് ദൈവത്തിന് മഹത്വം കൊടുക്കാനുള്ള വഴി: ദൈവത്തോട് നാം മനസുതുറക്കുമ്പോൾ, നമ്മുടെ മരണത്തിൽ നമ്മുടെ ന്യായവിധി ദിവസത്തിൽ പിശാച് നമുക്കുമേൽ ചുമത്തിയിരുന്ന അവകാശ വാദങ്ങൾ വിലയില്ലാത്തതായിത്തീരുന്നു.

നാം നമ്മെത്തന്നെ വിധിച്ചാൽ വിധിക്കപ്പെടുകയില്ല (1കൊരി. 11:31). യോനാ കപ്പലിൽ നിന്നും എറിയപ്പെട്ടപ്പോൾ കപ്പലിൽ ശാന്തത ഉണ്ടായി. (യോനാ. 1:15). ആഖാൻ കല്ലെറിയപ്പെട്ടപ്പോൾ ബാധ നില്ക്കുവാൻ ഇടയായി (യോശു. 7:25,26). “ യോനയെ ആഖാനെ എറിഞ്ഞുകളയുമ്പോൾ നിങ്ങളുടെ മനസാക്ഷിയിൽ അത്ഭുതകരമായ സ്വസ്ഥതയുണ്ടാകും ”.

തോമസ് ഫുള്ളർ പറയുന്നത്, മനുഷ്യൻ തന്റെ കുറവുകളെ കണ്ടുണരുമ്പോൾ, ദൈവം തന്റെ കൃപയെ അവന്റെ മേൽ ധാരാളമായി പകരുന്നു.

ഏറ്റു പറച്ചിൽ താഴ്മയെ സൂചിപ്പിക്കുന്നു, അത് ദൈവത്തിന്റെ കാഴ്ചപ്പാടിൽ വലിയ വിലയാണ്.

ഏറ്റുപറച്ചിൽ വിശ്വാസികളിൽ ആഴമായിരിക്കുന്നുഎങ്കിൽ അത് മറ്റുള്ളവരിലേയ്ക്കും പകരപ്പെടുവാൻ ഇടയായിത്തീരും. ദൈവത്തിന്റെ പ്രവൃത്തി എന്നിൽ നടക്കട്ടെ, അല്ലെങ്കിൽ ഞാൻ പാപത്തിൽ തന്നെ ഇരിക്കും.

“ നമ്മുടെ ഹൃദയങ്ങളെ ശോധന ചെയ്യുവാൻ ദൈവത്തോട് പ്രാർത്ഥിക്കാം. വലതുകണ്ണ് നമുക്ക് ഇടർച്ച വരുത്തിയാൽ അതിനെ ചൂഴ്ന്ന് എറിഞ്ഞുകളയാം. വലതുകൈ ഇടർച്ചയായാൽ അതിനെ വെട്ടി എറിയാം, അങ്ങനെ ദൈവത്തോടും മനുഷ്യരോടും നാം പ്രാഗൽഭ്യമുള്ളവരാകും”. (മത്താ. 5:29,30).

ഏറ്റുപറയപ്പെടാത്ത പാപം ക്ഷമിക്കപ്പെടാത്ത പാപമാണ്. ക്ഷമിക്കപ്പെടാത്ത പാപം, ഏറ്റവും ഇരുട്ടായ തെറ്റായ, ഏറ്റവും ഭൂമിക്കു ശാപമായ കാര്യമാണ്.

പാപിയായ ഒരുവനെ വിശ്വസ്തനായി എണ്ണിയതായി വേദപുസ്തകത്തിലൊരിടത്തും നാം കാണുന്നില്ല, എന്നാൽ ദൈവം വിശ്വസ്തനായി അവരോടുകൂടെയിരുന്ന് അവരെ അനുഗ്രഹിക്കുന്നു. താഴ്മയും മനസ്ഥാപവും ഉള്ളവന്റെ ഹൃദയത്തിൽ ദൈവം പ്രസാദിക്കുന്നു (സങ്കീ. 51:17). ശപിക്കപ്പെട്ട ഭൂമിയിൽ നിന്നുള്ള ശബ്ദം ദൈവം കേൾക്കുന്നില്ല, “ദുഷ്ടന്മാരുടെ യാഗം യഹോവയ്ക്ക് വെറുപ്പ് നേരുള്ളവരുടെ പ്രാർത്ഥന യോ അവനു പ്രസാദം ” (സദൃ. 15:8).

ദാവീദിന്റെ പ്രാർത്ഥനയിലേയ്ക്ക് നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. അത് പറയുന്നത്, “ ദൈവമേ എന്നെ ശോധന ചെയ്ത് എന്റെ ഹൃദയത്തെ അറിയേണമ; എന്നെ പരീക്ഷിച്ച് എന്റെ നിനവുകളെ അറിയേണമേ. വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്നു നോക്കി ശാശ്വതമാർഗ്ഗത്തിൽ എന്നെ നടത്തേണമേ” (സങ്കീ. 139:23,24).

എല്ലാവരും ഈ വാക്യം ഓർമ്മയിൽ സൂക്ഷിക്കണം എന്ന് ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ ജീവിതത്തിൽ, ദിവസത്തിൽ ഒരു പ്രാവശ്യം വിശ്വസ്തതയോടെ ഈ പ്രാർത്ഥന നാം പ്രാർത്ഥിക്കുമെങ്കിൽ നാം ദൈവത്തിന് പ്രസാദമുള്ളവരായിരിക്കും.

എന്നെ പരിശോധിച്ച് എന്റെ അയൽക്കാരനെ അല്ല!

മറ്റുള്ളവർക്കു വേണ്ടി ഈ പ്രാർത്ഥന പ്രാർത്ഥിക്കുവാൻ വളരെ എളുപ്പമാണ്, എന്നാൽ നമുക്കു വേണ്ടി പ്രാർത്ഥിക്കുക എന്നത് അല്പം പ്രയാസമുള്ളകാര്യമാണ്. ദൈവത്തിന്റെ വേലയുടെ തിരക്കിലായിരിക്കുന്നു എന്നു പറയുന്നവരെക്കുറിച്ച് ഞാൻ ഭയപ്പെടുന്നു, “എന്റെ സ്വന്ത മുന്തിരിത്തോട്ടം ഞാൻ കാത്തിട്ടില്ല ” (ഉത്ത മ.1:6). സങ്കീർത്തനത്തിൽ ദാവീദ് തനിക്കുവേണ്ടി ഒരു ഭവനം നേടി. ദൈവം നമ്മെ പരിശോധിക്കുന്നതും നാം ദൈവത്തെ പരിശോധിക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ഞാൻ എന്നെ പരിശോധിച്ചാൽ എല്ലാം നല്ലത് എന്ന് ഞാൻ വിലയിരുത്തും, എന്നാൽ ദൈവം നമ്മെ പരിശോധിച്ചാൽ ഞാൻ അറിഞ്ഞിട്ടില്ലാത്ത ധാരാളം കാര്യങ്ങൾ പറുത്തുവരും.

എന്റെ നിനവുകളെ അറിയേണമേ

എല്ലാ ചിന്തകളെയും ദൈവം അറിയുന്നു. നമ്മുടെ ചിന്തകൾ ശുദ്ധമാണോ? നമ്മുടെ ചിന്തകൾ ദൈവത്തിനും എതിരാണോ? ലോകത്തിലുള്ള ഏതെങ്കിലും ഒന്നിന് എതിരാണോ? ലോകത്തിലുള്ള ഏതെങ്കിലും ഒന്നിന് എതിരാണോ? അങ്ങനെയെങ്കിൽ നാം ദൈവസന്നിധിയിൽ നേരുള്ളവരല്ല. ദൈവമേ എന്നിലുള്ള ഓരോ കാര്യങ്ങളേയും പരിശോധിക്കേണമേ! ദാവീദിന്റെ ഈ പ്രാർത്ഥനയെക്കാൾ മികച്ചതായ മറ്റൊരു പ്രാർത്ഥനയില്ല.

ഞാൻ ചിന്തിക്കുന്നത് ദൈവം നമ്മെ പരിശോധിച്ചാൽ, നാം ഏറ്റു പറയാനുള്ള ചില കാര്യങ്ങൾ നമ്മിൽ കണ്ടെത്തും. ദൈവചനത്താൽ നമ്മെ പരിശോധിച്ചാൽ നമ്മിലുള്ള ധാരാളം കാര്യങ്ങളെ നാം വ്യത്യസ്തപ്പെടുത്തേണ്ടി വരും.

നമ്മുടെ ജീവിതത്തിൽ എന്തെങ്കിലും തെറ്റായ വഴികളുണ്ടോ എന്ന് നമ്മെ പരിശോധിക്കാം. വേദപുസ്തകത്തിലെ നല്ലവരായ ധാരാളം മനുഷ്യർ പറയുന്നത് ഞങ്ങൾക്ക് തെറ്റുപറ്റി, ഞങ്ങൾ ഭയപ്പെടുകയും, അതിനെ വലിച്ചെറിയേണ്ടതും അല്ലയോ?

ഒരിക്കൽ ഞാൻ നിങ്ങളുടെ ശ്രദ്ധയെ ദാവീദിന്റെ പ്രാർത്ഥനയിലേക്ക് ക്ഷണിക്കുന്നു. സങ്കീ. 51. “ദൈവമേ നിന്റെ ദയയ്ക്കു തക്കവണ്ണം എന്നോട് കൃപയുണ്ടാകേണമേ. എന്നെ നന്നാ യി കഴുകി എന്റെ അകൃത്യം പോക്കേണമേ, എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കേണമേ. എന്റെ ലംഘനങ്ങളെ ഞാൻ അറിയുന്നു; എന്റെ പാപം എപ്പോഴും എന്റെ മു മ്പിൽ ഇരിക്കുന്നു. നിന്നോടു തന്നെ ഞാൻ പാപം ചെയ്തു; നിനക്ക് അനിഷ്ടമായത് ഞാൻ ചെയ്തിരിക്കുന്നു. സംസാരിക്കുമ്പോൾ നീതിമാനും വിധിക്കുമ്പോൾ നിർമ്മലനായും ഇരിക്കേണ്ടതിന് തന്നെ. ഞാൻ നിർമ്മലനാകേണ്ടതിന് ഈ സോപ്പുകൊണ്ടു എന്നെ ശുദ്ധീകരിക്കേണമേ; ഞാൻ ഹിമത്തെക്കാൾ വെളുക്കേണ്ടതിന് എന്നെ കഴുകേണമേ. സന്തോ ഷവും ആനന്ദവും എന്നെ കേൾക്കുമാറാക്കേണമേ. നീ ഒടിച്ച അസ്ഥികൾ ഉല്ലസിക്കട്ടെ: എന്റെ പാപങ്ങളെ കാണാതവണ്ണം നിന്റെ മുഖം മറയ്ക്കേണമേ; എന്റെ അകൃത്യങ്ങളെ ഒക്കെയും മായ്ച്ചു കളയേണമേ,

(ശേഷം 8-ാം പേജിൽ)

(7-ാം പേജിന്റെ തുടർച്ച)

നമ്മുടെ പാപങ്ങൾ ഏറ്റുപറയേണ്ടതിന്റെ ആവശ്യകത

ദൈവമേ നിർമ്മലനായൊരാത്മാവിനെ എന്നിൽ പുതുക്കേണമേ; നിന്റെ സന്നിധിയിൽ നിന്നും എന്നെ തള്ളിക്കളയരുതേ; നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്നും എടുക്കയുമരുതേ. നിന്റെ രക്ഷയുടെ സന്തോഷം എനിക്കു തിരികെ തരേണമേ; അപ്പോൾ അതിക്രമക്കാരോട് ഞാൻ നിന്റെ വഴികളെ ഉപദേശിക്കും; പാപികൾ നിങ്കലേയ്ക്ക് മനം തിരിയും”.

ഒരു സ്നേഹിതൻ എന്നോട് പറഞ്ഞത്, ഞാൻ ഓരോ ആഴ്ചയിലും ഈ പ്രാർത്ഥന പ്രാർത്ഥിക്കും. നാം നമ്മെ ഓരോ ദിവസവും നമ്മുടെ ആവശ്യങ്ങൾ ദൈവത്തോട് പ്രാർത്ഥിക്കുന്നതും ദൈവത്തിൽ അർപ്പിക്കുന്നതും അനുഗ്രഹമാണ്.

നാം അഹങ്കാരികളോ, അനുസരണമില്ലാത്തവരോ ക്ഷമയില്ലാത്തവരോ ആണെങ്കിൽ അത് ദൈവത്തോട് ഏറ്റു പറയരുതോ? നോക്കുക, എത്ര പെട്ടെന്നാണ് ദൈവമില്ലാത്തവർ തങ്ങളുടെ ജീവിതങ്ങളെ വ്യത്യാസപ്പെടുത്തുന്നത്? പ്രിയമാതാപിതാക്കളെ, നമ്മുടെ വേദനകളെ ദൈവത്തിന്റെ പരിശുദ്ധാത്മനിറവിനായി ഏല്പിക്കാം. അങ്ങനെയെങ്കിൽ നമ്മുടെ കുട്ടികളും വേഗത്തിൽ ആത്മനിവറവുള്ളവരായി തീരും.

ഞാൻ വിശ്വസിക്കുന്നത് ഇന്ന്, ശീതോഷ്ണവസ്ഥയും, പുറം മോടിയും സഭയെ വേഗത്തിൽ അവിശ്വാസികളാക്കി ക്കൊണ്ടിരിക്കുകയാണ്. അവിശ്വാസികളുടെ പ്രസംഗത്തെ ഞാൻ ഭയപ്പെടുന്നില്ല, എന്നാൽ സഭകളിലെ ശീതോഷ്ണാവസ്ഥയും പുറംമോടിയും വിശ്വാസത്തെ നഷ്ടപ്പെടുത്തികൊണ്ടിരിക്കുന്നു. പെന്തെക്കോസ്തു നാളിലെ ശിഷ്യന്മാരുടെ ഒരു കൂടിവരവിൽ ആയിരക്കണക്കിന് അവിശ്വാസികൾ ആത്മാവിൽ ഉത്തേജിക്കപ്പെട്ടു!

പ്രാർത്ഥനയിൽ നമ്മുടെ ആവശ്യം എന്താണ്? വലിയ പ്രസംഗങ്ങൾ കൊണ്ട് ആളുകളെ രൂപാന്തരപ്പെടുത്തുവാൻ നിങ്ങൾക്ക് സാദ്ധ്യമല്ല. ദൈവത്തിന്റെ കരം ചലിക്കുന്നു, ആളുകൾ ചലിക്കുന്നു. ദൈവമുമ്പാകെ നേരുള്ള വരായിരിക്ക. “ഹൃദയം നമ്മെ കുറ്റം വിധിക്കുന്നു എങ്കിൽ, ദൈവം നമ്മുടെ ഹൃദയത്തെക്കാൾ വലിയവനും എല്ലാം അറിയുന്നവനും എന്ന് നമ്മുടെ ഹൃദയത്തെ അവന്റെ സന്നിധിയിൽ ഉറപ്പിക്കാം. പ്രിയമുള്ളവരേ, ഹൃദയം നമ്മെ കുറ്റം വിധിക്കുന്നില്ലെങ്കിൽ നമുക്ക് ദൈവത്തോട് പ്രാഗൽഭ്യം ഉണ്ട്. അവന്റെ കല്പനകളെ നാം പ്രമാണിച്ച് അവന് പ്രസാദമുള്ളത് ചെയ്യുന്നതു കൊണ്ട് എന്തു യാചിച്ചാലും അവങ്കൽ നിന്നു ലഭിക്കും ” (1യോഹ. 3:20-22). ❖

(5-ാം പേജിന്റെ തുടർച്ച)

പ്രാർത്ഥനയുടെ ഒരു കൂട്ടം ആളുകൾ

ദൈവം പ്രാർത്ഥനയെ മാനിക്കുന്നു. പ്രാർത്ഥനയുടെ ശക്തിയെ സ്വർഗ്ഗം അറിയുന്നു. എന്നാൽ ദൈവത്തിന്റെ ശരീരമായ സഭ പലപ്പോഴും അത് അറിയുന്നില്ല.

ഓസ്റ്റിൻ എന്ന സ്ഥലത്ത് ഒരു കൂട്ടം പാസ്റ്റർമാരും നേതാക്കളും പ്രാർത്ഥനയുടെ ആവശ്യം മനസ്സിലാക്കി സഭകളെ ആളുകളെയും വിളിച്ചു കൂട്ടി. ഒരു രൂപാന്തരത്തിനായും ഉണർവ്വിനായും കാത്തിരുന്നു.

പ്രാർത്ഥനാ മനുഷ്യർ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് പരിശുദ്ധാത്മാവിനോടും ക്രിസ്തുവിൽ നമ്മുടെ സഹോദരീസഹോദരന്മാരോടും ചേർന്ന് ഐകമത്യത്തോടെ ഇടവിടാതെ പ്രാർത്ഥിക്കുന്നവർ എന്നാണ്. ദൈവത്തോട് നിലവിളിക്കാം. എതിർപ്പുകളെ, കൂടുതൽ പ്രാർത്ഥിപ്പാനുള്ള ഉപാധികളായി കാണാം. കൂടുതൽ പ്രാർത്ഥിക്കാം. നിനക്ക് എന്തു ചെയ്തു തരണം എന്ന് നമ്മോടു വിളിച്ചു ചോദിക്കുന്ന കർത്താവിൽ നമുക്ക് സന്തോഷിക്കാം. പ്രാർത്ഥനാ മനുഷ്യർ എന്ന ആ വലിയ പദവി കർത്താവു നമുക്കു നൽകിയിരിക്കുന്നു.

❖

ലോകത്തിലെ മഹാമാരിയെ നാം ഭയപ്പെടേണ്ടകാര്യമില്ല

“അത്യുന്നതന്റെ മറവിൽ വസിക്കയും സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർക്കയും ചെയ്യുന്നവൻ യഹോവയെക്കുറിച്ചു അവൻ എന്റെ സങ്കേതവും കോട്ടയും ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവവും എന്നു പറയുന്നു. അവൻ നിന്നെ വേട്ടക്കാരന്റെ കണിയിൽ നിന്നും നാശകരമായ മഹാമാരിയിൽ നിന്നും വിടുവിക്കും. തന്റെ തൂവലുകൾകൊണ്ടു അവൻ നിന്നെ മറെക്കും. അവന്റെ ചിറകിൻ കീഴിൽ നീ ശരണം പ്രാപിക്കും. അവന്റെ വിശ്വസ്തത നിനക്കു പരിചയും പലകയും ആകുന്നു. രാത്രിയിലെ ഭയത്തെയും പകൽപറക്കുന്ന അസ്ത്രത്തെയും ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരിയെയും ഉച്ചെക്കു നശിപ്പിക്കുന്ന സംഹാരത്തെയും നിനക്കു പേടിപ്പാനില്ല. നിന്റെ വശത്തു ആയിരം പേരും നിന്റെ വലത്തു വശത്തു പതിനായിരം പേരും വീഴും. എങ്കിലും അതു നിന്നോടു അടുത്തുവരികയില്ല. നിന്റെ കണ്ണുകൊണ്ടു തന്നേ നീ നോക്കി ദുഷ്ടന്മാർക്കു വരുന്ന പ്രതിഫലം കാണും. യഹോവേ നീ എന്റെ സങ്കേതമാകുന്നു”.

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975